തോമസ് കുളങ്ങര അച്ചൻ, തോമസ് വട്ടപ്പറമ്പിലച്ചൻ, അഗസ്റ്റിൻ കോന്നാത്തുവിള അച്ചൻ എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. രൂപതയുടെ എല്ലാ ശുശ്രൂഷകളിലും, പ്രിയപ്പെട്ട വിശ്വാസ സമൂഹത്തിന്റെയും വൈദികരുടെയും സന്ന്യസ്തരുടെയും കലവറയി ല്ലാത്ത പിന്തുണയും പ്രാർത്ഥനയും സഹകരണവും ഞാൻ താഴ്മ യായി അപേക്ഷിക്കുന്നു.

നമ്മുടെ കർത്താവേശുമിശിഹായുടെ ജനനപ്പെരുന്നാളിന്റെ അനുഗ്രഹങ്ങൾ നിങ്ങളേവർക്കും ഞാൻ സ്നേഹപൂർവ്വം ആശംസി ക്കുന്നു. അന്ധകാരത്തിലായിരുന്ന ഒരു ജനതയ്ക്ക് നിത്യപ്രകാശമായി ലോകത്തിൽ അവതരിച്ച ദൈവപുത്രൻ നമ്മുടെ ഹൃദയങ്ങളെയും കുടും ബങ്ങളെയും സമൂഹങ്ങളെയും തന്റെ ചൈതന്യത്താൽ നിരന്തരം നിറ യ്ക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പുതിയ വർഷം ആഴമുള്ള ദൈവാനു ഭവത്തിന്റെയും ക്രൈസ്തവ സമർപ്പണത്തിന്റെയും ദിനങ്ങൾ സമ്മാ നിക്കട്ടെ എന്ന് ആശംസിക്കുന്നു. നമ്മുടെ സ്വർഗ്ഗീയ അമ്മയുടെയും രൂപതയുടെ മദ്ധ്യസ്ഥയായ വിശുദ്ധ മദർ തെരേസയുടെയും മാതൃ കയും മാദ്ധ്യസ്ഥവും നമുക്ക് ശക്തിയായിരിക്കട്ടെ. ദൈവം നാമേവ രെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

യേശുവിൽ സ്നേഹപൂർവ്വം,

+ Eusebius

**✠ തോമസ് മാർ യൂസേബിയസ്**
പാറശാല രൂപതാദ്ധ്യക്ഷൻ

*N.B.: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*



# THE SYRO- MALANKARA CATHOLIC CHURCH

## DIOCESE OF PARASSALA

**THOMAS MAR EUSEBIUS**
Bishop of Parassala

Catholic Bishop's House
Ayira P.O., Kudayal
Parassala - 695 502

No. PCL 1/2017

15 December 2017

## സർക്കുലർ

പ്രിയ ബഹു. വൈദികരേ, സന്യാസി സന്യാസിനികളേ, പ്രിയ വിശ്വാസികളേ,

മനുഷ്യജീവിതം അതിന്റെ സമഗ്രതയിൽ ദൈവത്തിന്റെ അന ന്തമായ സ്നേഹപദ്ധതിയുടെ പ്രകാശനമാണ്. ഈ സ്നേഹപദ്ധതി യുടെ ഭാഗമായാണ് നമ്മുടെ ജീവിതാനുഭവങ്ങൾ ചുരുളഴിയുന്നത്. 2017-ാം ആണ്ട് ആഗസ്റ്റ് 5-ാം തീയതി പാറശ്ശാല രൂപത നിലവിൽ വന്നത്, ദൈവത്തിന് നാമേവരേയും നമ്മുടെ സഭാജീവിതത്തെയും കുറിച്ചുള്ള ഈ സ്നേഹപദ്ധതിയുടെ ഭാഗമായി നാം ഏറ്റുവാങ്ങി. 2017 സെപ്റ്റംബർ 23-ാം തീയതി രൂപത ഔദ്യോഗികമായി ഉദ്ഘാ ടനം ചെയ്യപ്പെടുകയും രൂപതയുടെ ശുശ്രൂഷാനേതൃത്വം ബലഹീന നായ എന്നെ ഭരമേല്പിക്കുകയും ചെയ്തു. പാറശാല രൂപത യാഥാർത്ഥ്യമാക്കിയ അനന്തമായ ദൈവപരിപാലനയ്ക്കു മുമ്പിൽ നമുക്ക് ശിരസ്സുകൾ നമിക്കാം. പരിശുദ്ധ സിംഹാസനം നല്കുന്ന സംര ക്ഷണവും മലങ്കര കത്തോലിക്കാ സഭാ സുന്നഹദോസിന്റെ പ്രത്യേക താല്പര്യവും മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ പിന്തുണയും നന്ദിപൂർവ്വം നമുക്ക് അനു സ്മരിക്കാം. രൂപതാ പ്രഖ്യാപനനാൾ മുതൽ നിങ്ങളേവരും വ്യക്തിപ രമായും, സംഘാതമായും ഈ രൂപതയ്ക്കും അതിന്റെ ശുശ്രൂഷകൾക്കും നല്കുന്ന ആത്മാർത്ഥമായ, ആവേശത്തോടുകൂടിയ പിന്തുണയ്ക്കും പ്രോത്സാഹനങ്ങൾക്കും ഞാൻ നിങ്ങളേവരോടും ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു.

ദൈവദാസനായ മാർ ഈവാനിയോസ് തിരുമേനി മലങ്കരയിൽ സമാരംഭിച്ച പ്രേഷിത മുന്നേറ്റത്തിന്റെയും, വന്ദ്യപിതാവിന്റെ പിൻഗാ മികൾ നല്കിയ ശക്തമായ പ്രേഷിത നേതൃത്വത്തിന്റെയും, അനേകം വൈദികരുടെയും സന്യസ്തരുടെയും അൽമായ പ്രേഷിതരുടെയും ഉപദേശിമാരുടെയും ത്യാഗോജ്ജ്വലമായ പ്രേഷിത സമർപ്പണത്തി

ന്റെയും സത്ഫലമാണല്ലോ പാറശാല രൂപത. ഭാഗ്യസ്മരണാർഹരായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവും, സിറിൽ ബസേലിയോസ് കാതോലിക്കാബാവായും, വന്ദ്യ ലോറൻസ് മാർ അപ്രേം പിതാവും, കഴിഞ്ഞ ഒരു ദശകമായി ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവായും നല്കിയ ശ്രേഷ്ഠമായ പ്രേഷിത നേതൃത്വത്തെ നന്ദിയോടെ ഓർക്കുന്നു. വന്ദ്യ ജോസഫ് കുഴിഞ്ഞാലിലച്ചന്റെ നേതൃത്വത്തിൽ മേരിമക്കൾ സന്ന്യാസിനികളും, വിശിഷ്യാ നിർമ്മലാ പ്രോവിൻസ് അംഗങ്ങളും, ബഹുമാനപ്പെട്ട ഫ്രാൻസിസ്കൻ ബ്രദേഴ്സും വന്ദ്യ യൗനാനച്ചന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട ബഥനി സന്യാസ വൈദികരും ഈ പ്രദേശത്തിന്റെ പ്രേഷിത വളർച്ചയ്ക്കു നല്കിയ, ഇവരെല്ലാവരും ഇപ്പോഴും നല്കിക്കൊണ്ടിരിക്കുന്ന, മഹത്തായ സേവനങ്ങളെപ്രതി ദൈവത്തിന് നന്ദി പറയുന്നു. വളരെ പ്രത്യേകമായി, പെരിയ ബഹുമാനപ്പെട്ട ഫിലിപ് ഉഴനല്ലൂർ കോർ എപ്പിസ്കോപ്പായുടെ പാറശാല രൂപതാ പ്രദേശങ്ങളിലെ ത്യാഗഭരിതമായ പ്രേഷിത സമർപ്പണത്തെയോർത്ത് അദ്ദേഹത്തിന് ആത്മാർത്ഥമായ നന്ദി സമർപ്പിക്കുന്നു.

പാറശാല രൂപതയുടെ ശക്തി ഇവിടെയുള്ള വിശ്വാസ സമൂഹമാണെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. ക്രൈസ്തവ മൂല്യങ്ങളോടുള്ള സവിശേഷമായ തുറവിയും, അസാധാരണമായ സഭാസമർപ്പണവും, സുവിശേഷോന്മുഖമായ ജീവിതലാളിത്യവും ഈ വിശ്വാസ സമൂഹത്തിന്റെ മുഖമുദ്രയാണ്. പ്രേഷിതചൈതന്യം ഹൃദയത്തിൽ ഏറ്റുവാങ്ങിയ മാതാപിതാക്കൾ, സഭാസ്നേഹവും സാമൂഹ്യസമർപ്പണവും ആവേശമാക്കി മാറ്റിയ യുവജനങ്ങൾ, ദൈവം കനിഞ്ഞുനല്കിയ സിദ്ധികളുടെയും ബുദ്ധിവൈഭവത്തിന്റെയും കേദാരമായ കുഞ്ഞുങ്ങൾ, ഇവരൊക്കെ നമ്മുടെ രൂപതയുടെ ശക്തിയാണ്, അഭിമാനമാണ്, പ്രതീക്ഷയാണ്. വൈവിധ്യമാർന്ന ഈ നന്മകളെല്ലാം നാമേവരുടെയും വ്യക്തിപരവും, കുടുംബപരവും, സാമൂഹികവുമായ വളർച്ചയ്ക്കും, നാം ജീവിക്കുന്ന പ്രദേശത്തിന്റെ സമഗ്രമായ ഉന്നമനത്തിനുമുള്ള ഉപാധികളായി മാറ്റുവാനുള്ള നിയോഗമാണ് പുതിയ രൂപത ഏറ്റെടുത്തിരിക്കുന്നത്. നമ്മുടെ ആദ്ധ്യാത്മികവും, വിദ്യാഭ്യാസപരവും, സാമൂഹികവും സാമ്പത്തികവുമായ ഉയർച്ചവഴി, നാം നല്കേണ്ട ക്രൈസ്തവസാക്ഷ്യവും നമ്മുടെ മലങ്കര വിശ്വാസജീവിതവും കൂടുതൽ ശോഭയുള്ളതായിത്തീരണം. നമ്മുടെ സമൂഹത്തിൽ സംവരണവുമായി ബന്ധപ്പെട്ട് നാമനുഭവിക്കുന്ന ദാരുണമായ നീതിനിഷേധത്തെ, തുടർന്നും ശക്തമായി ചെറുക്കുവാനും, അതോടൊപ്പം തന്നെ, ദൈവം



നമുക്ക് ഔദാര്യപൂർവ്വം നല്കിയിട്ടുള്ള നിരവധിയായ താലന്തുകളുടെ പൂർണ്ണവും വിശ്വസ്തവുമായ വിനിയോഗം വഴി, നമ്മുടെയും, നമ്മുടെ സമൂഹത്തിന്റെയും ശീഘ്രമായ പുരോഗതിക്കായി സമർപ്പിതരാകുവാനും നമുക്ക് സാധിക്കണം.

ദൈവപരിപാലനയിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് പുതിയ രൂപതയുടെ ശുശ്രൂഷകൾ നാം സമാരംഭിച്ചിരിക്കുകയാണ്. രൂപതാ സ്ഥാപനത്തിൽ ഒരു പ്രധാന ലക്ഷ്യം, ഈ പ്രദേശത്ത് വളരെ തീവ്രമായ, സംഘടിതമായ, സമഗ്രമായ അജപാലനശുശ്രൂഷ സംലഭ്യമാക്കുക എന്നുള്ളതാണ്. തദനുസരണം, സാധിക്കുന്ന സ്ഥലങ്ങളിലൊക്കെ വൈദികരുടെ സ്ഥിരമായ സാന്നിദ്ധ്യത്തോടു കൂടിയുള്ള അജപാലന ക്രമീകരണത്തിനാണ് നാം മുൻതൂക്കം നല്കിയിരിക്കുന്നത്. നമുക്കറിയാവുന്നതുപോലെ, പുതിയ രൂപതയിലെ വൈദികരുടെ എണ്ണം തുലോം കുറവായതിനാൽ, തിരുവനന്തപുരം മേജർ അതിരൂപതയിൽ നിന്നും വളരെ പ്രേഷിതചൈതന്യമുള്ള ഏതാനും യുവവൈദികർ കുറെ വർഷങ്ങളിലേയ്ക്ക് ഇവിടെ ശുശ്രൂഷിക്കുവാൻ വന്നത് വലിയൊരു അനുഗ്രഹമായി നാം കാണുന്നു. ആ പ്രിയപ്പെട്ട വൈദികരുടെ പ്രേഷിത ചൈതന്യത്തെയും നന്മയെയും അഭിനന്ദിക്കുന്നതോടൊപ്പം, ഈ രൂപതയുടെ ശുശ്രൂഷയ്ക്കായി ഔദാര്യപൂർവ്വം അവരെ വിട്ടുതന്ന മേജർ അതിരൂപതയെയും അത്യഭിവന്ദ്യ ബാവാ തിരുമേനിയെയും നന്ദിപൂർവ്വം ഇത്തരുണത്തിൽ ഓർക്കുകയും ചെയ്യുന്നു.

രൂപതയുടെ കാര്യക്ഷമമായ അജപാലന ക്രമീകരണം ലക്ഷ്യം വച്ച് നിലവിലുണ്ടായിരുന്ന മൂന്ന് വൈദികജില്ലകളെ പുനർക്രമീകരിക്കുകയും അതുവഴി, ബാലരാമപുരം, ചെമ്പൂർ എന്നീ പ്രദേശങ്ങൾ കേന്ദ്രമാക്കി രണ്ട് പുതിയ ജില്ലകൾ കൂടി നിലവിൽ വരികയും ചെയ്തിരിക്കുന്നു. അങ്ങനെ, രൂപതയിൽ ഇപ്പോൾ ആകെ അഞ്ചു വൈദിക ജില്ലകളാണുള്ളത്. രൂപതയുടെ ശുശ്രൂഷാക്രമീകരണത്തിന്റെ ഭാഗമായി, വന്ദ്യ സെലിൻജോസ് കോന്നാത്തുവിള അച്ചനെ രൂപതയുടെ വികാരി ജനറാളായും, ബഹു. ഹോർമിസ് പുത്തൻവീട്ടിലച്ചനെ രൂപതാ ചാൻസിലറായും നിയോഗിച്ച വിവരം നിങ്ങൾ ഇതിനോടകം അറിഞ്ഞുകാണുമല്ലോ. അവർക്ക് നിങ്ങളെല്ലാവരുടെയും ഉദാരമായ പിന്തുണയും സഹകരണവും നല്കണമെന്ന് ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. മറ്റു രൂപതകളിൽ നിന്നും നമ്മുടെ രൂപതയുടെ ഭാഗമായിത്തീർന്ന വന്ദ്യ ഫിലിപ്പ് ഉഴനല്ലൂർ കോർ എപ്പിസ്കോപ്പാ, ബഹു.